# ACADEMIC MASTER PLAN

# 2025 – 2026

# GOVT. L.P.S KODALY

AnyScanner

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ.പി.എസ് കോടാലി |
| വിലാസം | : പാഡി.പി.ഒ, തൃശ്ശൂർ-680699 |
| ഇ-മെയിൽ | : glpskodaly699@gmail.com |
| സ്കൂൾ കോഡ് | : 23223 |
| വിദ്യാഭ്യാസ ഉപജില്ല | : ചാലക്കുടി |
| വിദ്യാഭ്യാസ ജില്ല | : ഇരിങ്ങാലക്കുട |
| റവന്യൂ ജില്ല | : തൃശ്ശൂർ |
| ബി.ആർ.സി | : കൊടകര |
| സി.ആർ.സി | : വെള്ളികുളങ്ങര |
| ഗ്രാമപഞ്ചായത്ത് | : മറ്റത്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : കൊടകര |
| ജില്ലാ പഞ്ചായത്ത് | : തൃശ്ശൂർ |
| നിയമസഭ നിയോജക മണ്ഡലം | : പുതുക്കാട് |
| ലോക്സഭ മണ്ഡലം | : തൃശ്ശൂർ |
| താലൂക്ക് | : ചാലക്കുടി |
| വില്ലേജ് | : മറ്റത്തൂർ |
| ട്രഷറി | : സബ് ട്രഷറി പുതുക്കാട് |



AnyScanner

## ആമുഖം:-

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ കോടാലി ഗവ.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നു. ചരിത്ര പ്രാധാന്യം അർഹിക്കുന്നതും മറ്റത്തൂരിന്റെ വ്യാപാരകേന്ദ്രവുമായ കോടാലിയുടെ തിലകക്കുറിയായി ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു.

ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് ആയുധങ്ങൾ സൂക്ഷിച്ചുവച്ചിരുന്ന സ്ഥലമായിരുന്നു ഇതെന്നും അതുകൊണ്ടാണ് കോടാലി എന്ന പേര് വന്നെതെന്നും പഴമക്കാർ പറയുന്നു.

1952-ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ കോടാലി, മുരിക്കിങ്ങൽ, മാങ്കുറ്റിപ്പാടം, പത്തുകുളങ്ങര, ഒമ്പതുങ്ങൽ, കിഴക്കേകോടാലി, കോർമല, വെള്ളിക്കുളങ്ങര, വാസുപുരം, മറ്റത്തൂർകുന്ന്, മൂന്നുമുറി എന്നിങ്ങനെ സമീപസ്ഥലങ്ങളായ ഒട്ടേറേ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നു. സംഭാവനയായി ലഭിച്ച ഒരു ഏക്കർ 14 സെൻറ് സ്ഥലമാണ് സ്കൂളിനുള്ളത്. വിദ്യാലയത്തിലെ അക്കാദമികവും അക്കാദമികേതര പ്രവർത്തനങ്ങൾക്കും പൂർണ്ണപിന്തുണയാണ് രക്ഷിതാക്കൾ നൽകുന്നത്. അധ്യാപകർ, പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, ഒ.എസ്.എ, വിദ്യാലയ സൗഹൃദ വേദി, കൂട്ടായ്മ എന്നിവരിൽ നിന്നുള്ള അകമഴിഞ്ഞ സഹായസഹകരണങ്ങൾ കൊണ്ടാണ് വിദ്യാലയം ഇന്ന് ഈ കാണുന്ന നിലയിലേക്കെത്തിയത്. പി.ടി.എ യുടെ നേതൃത്വത്തിൽ വിദ്യാലയത്തോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി 37 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. അക്കാദമികവും ഭൗതികമായ തലങ്ങളിൽ മികവുറ്റ രീതിയിൽ മുന്നേറുന്ന നമ്മുടെ വിദ്യാലയം ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾക്ക് അർഹത നേടി. പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെ 850 കുട്ടികളാണ് ഇവിടെ വിദ്യ അഭ്യസിക്കുന്നത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം.

- 1961 ജൂണിൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം 64 വർഷം പിന്നിടുമ്പോൾ 900 ലധികം പഠിക്കുന്ന ഒരു സ്ഥാപനമായി സമൂഹത്തിൽ നിലകൊള്ളുന്നു.
- സുന്ദര വിദ്യാലയം ഹരിത വിദ്യാലയം ജൈവവിദ്യാലയം ശുചിത്വ വിദ്യാലയം സന്ദർശക വിദ്യാലയം എന്നീ നിലകളിൽ കേരളത്തിലെ മറ്റു വിദ്യാലയങ്ങൾക്കും മാതൃകയായി മാറിയിരിക്കുന്നു.
- കുട്ടികളുടെ സമഗ്ര വികസനത്തിനുതകും വിധം പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നു.
- ശുചിത്വം പ്രകൃതി സ്നേഹം സഹജീവികളോടുള്ള സ്നേഹവും ദീനാനു കമ്പയും സമഗ്രമായ പോഷകാഹാര പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു.
- ഉയർന്ന ജീവിത മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നു.
- ആധുനിക പഠനസംവിധാനങ്ങൾ ഒരുക്കുന്നു.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് പരിസ്ഥിതി സംരക്ഷണ അവബോധം പകർന്നു നൽകാനും അവസരം ഒരുക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ തലങ്ങൾ

1. വികസനാവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രേഖ തയ്യാറാക്കൽ.
2. കരട് രൂപരേഖ ബി ആർ സി, എസ് ആർ ജി, പിടിഎ, എം പിടിഎ, ഒ എസ് എ ജനപ്രതിനിധികൾ തുടങ്ങിയവർക്ക് മുന്നിൽ അവതരിപ്പിക്കൽ.
3. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
4. പിടിഎയുടെ നേതൃത്വത്തിൽ പദ്ധതി രേഖ രൂപപ്പെടുത്തൽ.
5. പൊതുജന സമക്ഷം മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

1. ഗ്രാമീണ അന്തരീക്ഷത്തിൽ സൗജന്യവും ഗുണനിലവാരം ഉള്ളതുമായ പ്രാഥമിക വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക മികവ് വർദ്ധിപ്പിക്കുക.

3. വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക.

4. അക്കാദമിക മികവിന് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

5. ഓരോ ക്ലാസിലും വിവിധ തലങ്ങളിലും വിഷയങ്ങളിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി കുട്ടികൾ ആർജിക്കേണ്ട ശേഷികൾ നേടി, അടുത്ത തലത്തിലേക്ക് ഉയർത്തുക. ഇതിനാവശ്യമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുക.

6. അധ്യാപനവും അധ്യായനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

7. ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സമഗ്ര ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുക.

8. വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും വിദ്യാഭ്യാസ ഗുണ മേന്മ മെച്ചപ്പെടുത്തേണ്ടതുണ്ട്. അക്കാദമിക മേഖലകളിൽ ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യം ഇടുന്നത്.

## ഗവ. എൽ.പി.എസ് കോടാലി

**2007 മുതൽ 2025 വരെയുള്ള കുട്ടികളുടെ പ്രവേശന ചാർട്ട്**

| Sl No | വർഷം | പ്രൈമറി | പ്രീപ്രൈമറി | ആകെ |
|---|---|---|---|---|
| 1 | 2007-08 | 294 | 81 | 375 |
| 2 | 2008-09 | 264 | 97 | 361 |
| 3 | 2009-10 | 301 | 108 | 409 |
| 4 | 2010-11 | 310 | 137 | 447 |
| 5 | 2011-12 | 329 | 116 | 495 |
| 6 | 2012-13 | 335 | 174 | 509 |
| 7 | 2013-14 | 350 | 202 | 552 |
| 8 | 2014-15 | 359 | 248 | 607 |
| 9 | 2015-16 | 370 | 271 | 641 |
| 10 | 2016-17 | 380 | 266 | 646 |
| 11 | 2017-18 | 409 | 276 | 685 |
| 12 | 2018-19 | 454 | 288 | 742 |
| 13 | 2019-20 | 500 | 315 | 815 |
| 14 | 2020-21 | 534 | 300 | 835 |
| 15 | 2021-22 | 595 | 352 | 947 |
| 16 | 2022-23 | 595 | 353 | 948 |
| 17 | 2023-24 | 601 | 359 | 966 |
| 18 | 2024-25 | 560 | 292 | 852 |



AnyScanner

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ മുന്നോട്ടുവച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിന്റെ സമൂലമായ പുരോഗതിക്കായി കരട് രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഒരു അക്കാദമിക വർഷത്തിൽ വിദ്യാലയത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഏകോപിപ്പിക്കുമ്പോൾ ഒരു വിദ്യാർത്ഥിക്ക് ഗുണപരമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി സാക്ഷാത്കരിക്കുകയാണ്.

## ലക്ഷ്യങ്ങൾ.

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
- ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ,

ഉദ്യാനം, മൈതാനം.....) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാകുന്നു.

- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടു കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# STANDARD – I

AnyScanner

# ക്ലാസ്സ്-1

**ആമുഖം**

ഓരോ വിദ്യാർത്ഥിയുടെയും അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം കൈവരിക്കുന്നതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തുന്ന ഇടപെടലുകളാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**ലക്ഷ്യങ്ങൾ :-**

* എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.( വായനോത്സവം)

* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ സ്വയം എഴുതാനുള്ള കഴിവ് നേടുക.( രചനോത്സവം )

* സംഖ്യകൾ ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് കഴിവ് നേടുക.

*തന്റെ ചുറ്റുപാടും നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിച്ച് കണ്ടെത്തലുകളിൽ എത്തിച്ചേരുന്നതിനും കഴിവുള്ളവരാക്കുക.

**ജൂൺ**

വായനാദിനത്തോടനുബന്ധിച്ച് ചിത്രങ്ങൾ കൂടുതലുള്ളതും എഴുത്ത് കുറവുള്ളതുമായ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായനോത്സവത്തിൽ അവതരിപ്പിക്കുന്നു.

* ക്ലാസ് ലൈബ്രറി ഉദ്ഘാടനം.

* വീടൊരു പുസ്തക കൂട് പദ്ധതി ആരംഭം.

* സംഖ്യാപരിചയം

* പ്രകൃതി നടത്തം.

**ജൂലൈ**

* ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു.

AnyScanner

• ചിത്ര കാർഡുകൾ, വായന കാർഡുകൾ, ഡിജിറ്റൽ സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തി കഥ വായിക്കാനും വായിച്ച് അവതരിപ്പിക്കാനും ഉള്ള സാധ്യതകൾ.

• സംയുക്ത ഡയറി എഴുത്ത് ആരംഭിക്കുന്നു.

• സംഖ്യകളെ കൂട്ടങ്ങൾ ആക്കുന്നു.

• നിരീക്ഷിച്ച വസ്തുക്കൾ പട്ടികപ്പെടുത്തുന്നു.

## ഓഗസ്റ്റ്

• രണ്ടക്ക സംഖ്യകളും ഒരക്ക സംഖ്യകളും തമ്മിലുള്ള സങ്കലനം.

• പട്ടികപ്പെടുത്തിയ വസ്തുക്കൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് തരംതിരിക്കുന്നു.

## സെപ്റ്റംബർ

• ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ കുട്ടികൾ വാചികമായി അവതരിപ്പിക്കുന്നു.

• ചിത്രങ്ങൾക്ക് ലളിതമായ അടിക്കുറിപ്പ് എഴുതൽ.

• ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ.

• രണ്ടക്ക സംഖ്യകളും ഒരക്ക സംഖ്യകളും തമ്മിലുള്ള സങ്കലനം, തുടർച്ച. നിർമ്മിക്കൽ തിരിച്ചറിയൽ.

• തരംതിരിച്ച വസ്തുക്കളുടെ സാമ്യവ്യത്യാസങ്ങൾ മനസ്സിലാക്കി പൊതുവായ നിഗമനത്തിൽ എത്തിച്ചേരുന്നു.

## ഒക്ടോബർ

കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് കൂട്ടുവായന,ചിത്രകഥ വായന എന്നിവ നടത്തുന്നു ( സഹവർത്തിത വായന)

• വ്യവകലനം- രണ്ടക്കസംഖ്യ, ഒരക്ക സംഖ്യ

• ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

## നവംബർ & ഡിസംബർ

* ചിത്രത്തെ അടിസ്ഥാനമാക്കി സചിത്ര സാങ്കല്പിക ഡയറി എഴുതുന്നു.

* കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ അവതരിപ്പിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

* കൂടുതൽ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

## ജനുവരി

* വായന കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

* റീഡേഴ്സ് തിയേറ്റർ പ്രവർത്തനം.

* സംഖ്യാ കാർഡുകൾ നിർമ്മിക്കുന്നു.

* കുറിപ്പുകൾ തയ്യാറാക്കുന്നു.

## ഫെബ്രുവരി& മാർച്ച്

* ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

* ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. നിർമ്മിക്കുന്നു.

* നവമാധ്യമങ്ങളിൽ പങ്കിടുന്നു.

## എല്ലാ മാസവും

* പാട്ടരങ്ങ്
* വായനോത്സവം
* രചനോത്സവം
* സംയുക്ത ഡയറി എഴുത്ത്
* കുഞ്ഞുപുസ്തകം ( ഗണിതം)
* ബാലസാഹിത്യകൃതി വായന
* മഞ്ചാടി സഞ്ചി
* റീഡേഴ്സ് തിയേറ്റർ

# English

## Introduction

The goal of achieving quality education, which is the right of every student, is to achieve a comprehensive quality education system through effective inventions by the school, community, teachers and the local self government institutions. The activities included are aimed at the holistic development of children.

## Objectives:-

* All learners get interested in English learning
* All engage in games and group level activities.
* Able to comprehend the instructions of the teacher and respond accordingly.
* Listen to narratives and teacher talks and show sign of understanding verbally.
* Familiarize with English words denoting vehicles, animals and the birds.
* All learners are able to associate the elicited text with those in the textbook.
* Familiarize with words denoting possession.
* Understanding structure of simple sentences.
* Getting an idea on capitalisation, spacing between words, full stop and question mark.
* Identify the sound values of letters and letter clusters.
* Familiarize with phatic communication expressions such as hello, I am sorry, thank you,bye etc.
* Able to describe familiar objects orally starting physical attributes such as size,colour etc.
* Familiarize with words denoting colours and numbers.
* Familiarize with the rhythm and the pattern of songs.
* Able to add own lines to a given song by substituting words and phrases.
* Develop a positive attitude towards socialization and friendship.



AnyScanner

Activities:-

* Games
* Action songs
* Conversation
* Riddles
* Puzzles
* Add more lines
* Growing sentences
* Description
* Wordweb
* Vocabulary games
* Miming
* Skit
* Role play
* Picture reading
* Informal communication
* Origami
* Graphic reading

## Conclusion

By coordinating the objectives and activities in each lessons,children improve their knowledge in English and also their vocabulary and communication skills.

AnyScanner

# STANDARD – II



AnyScanner

മലയാളം

ഭാഷ ആശയവിനിമയത്തിനുള്ള ഉപാധി. ഒരു കുഞ്ഞ് ജനിക്കുമ്പോൾ അവന്റെ ഭാഷ കേവലം കരച്ചിൽ മാത്രമാണ്. പിന്നീടങ്ങോട്ട് കണ്ടും കേട്ടും അവന്റെ ഭാഷാ ലോകം വലുതാകുന്നു. കരച്ചിൽ മൂളലുകളായും അക്ഷരങ്ങളായും വാക്കുകളായും വികസിക്കുന്നു.

രണ്ടാം ക്ലാസിലെത്തുന്ന കുട്ടിയെ സംബന്ധിച്ച് അവർ അക്ഷരങ്ങളുടെ ലോകത്ത് പാറിപ്പറന്നു തുടങ്ങിയവരാണ്. വായനയുടെയും എഴുത്തിന്റെയും ലോകത്ത് കൂടുതൽ അനുഭവങ്ങൾ നൽകി അവരുടെ ഭാഷാലോകം , അറിവ് നൈപുണികൾ എല്ലാം വികസിപ്പിക്കുക ഇതു തന്നെയാണ് രണ്ടാം തരത്തിലെ ഭാഷാപഠനത്തിന്റെ ലക്ഷ്യം. ആകർഷകമായ പുതിയ പാഠപുസ്തകങ്ങൾക്കൊപ്പം അനുയോജ്യമായ പാഠ്യ പാഠ്യേതരപ്രവർത്തനങ്ങളും ചേർത്ത് ഭാഷാപഠനം സാധ്യമാക്കാനുള്ള ആസൂത്രണമാണിവിടെ.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- എല്ലാ കുട്ടികളും സ്വതന്ത്ര വായനയ്ക്കുള്ള ശേഷി കൈവരിക്കുക.
- വായന ശീലമാക്കുക.
- എല്ലാ കുട്ടികൾക്കും ആശയ ഗ്രഹണ വായന സാധ്യമാക്കുക.
- സ്വന്തം ആശയങ്ങൾ എഴുതിയും പറഞ്ഞും പ്രകടിപ്പിക്കാനുള്ള അവസരം നൽകുന്നു.
- എല്ലാ കുട്ടികളും സന്ദർഭം അനുസരിച്ച് സ്വന്തം ഭാഷയിൽ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നു.
- വൈവിധ്യമാർന്ന വ്യവഹാര രൂപങ്ങളും സാഹിത്യ രചനകളും പരിചയപ്പെടുന്നു.
- ചിത്രങ്ങൾ, കാഴ്ചകൾ ആസ്പദമാക്കി സ്വതന്ത്ര രചനകൾ തയ്യാറാക്കുന്നു.
- എല്ലാ കുട്ടികളും തെറ്റില്ലാതെ വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിനുള്ള ശേഷി നേടുന്നു.

AnyScanner

- പഴഞ്ചൊല്ല്, കടങ്കഥ, കവിത ശേഖരണത്തിലൂടെ ഈ വ്യവഹാര രൂപങ്ങളിലെ ഭംഗി മനസ്സിലാക്കുന്നു.

- ആശയം താളം ഉൾക്കൊണ്ട് കവിത പാരായണം നടത്തുന്നു.

- വർഷാവസാനം സ്വതന്ത്ര രചനകളിൽ ഏർപ്പെടുന്നതിന് ഓരോ കുട്ടിയും പ്രാപ്തരാകുന്നു.

<u>പ്രവർത്തനങ്ങൾ:</u>

- പ്രവേശനോത്സവം.
- സന്നദ്ധത പ്രവർത്തനങ്ങൾ.
- പ്രീ ടെസ്റ്റ്
- അക്ഷരമധുരം - പഠന പിന്തുണ പ്രവർത്തനം.
- നല്ല നേരം നല്ല നാളെ
- സംയുക്ത ഡയറി
- പരിസ്ഥിതി ദിനം
- വായനദിനം
- അഭിനയ കളരി
- ചിത്രരചന
- പ്രദർശനം
- പാട്ടരങ്ങ്
- കഥതെരുവ്.
- കടങ്കഥ കേളി
- നിർമ്മാണ പ്രവർത്തനങ്ങൾ.

<u>പ്രവർത്തന വിശദീകരണം:</u>

- പ്രവേശനോത്സവത്തോടനുബന്ധിച്ച് കുട്ടികളെ ക്ലാസിലേക്ക് സ്വീകരിക്കുന്നു.

- പ്രീ ടെസ്റ്റ്: കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

- അക്ഷര മധുരം:: പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ നൽകുന്നു.



AnyScanner

നല്ല നേരം നല്ല നാളെ :: ലഹരിക്കെതിരെയുള്ള പ്രതിരോധം, ട്രാഫിക് നിയമങ്ങൾ, പരസ്പര സഹകരണം, ശുചിത്വം മാലിന്യ സംസ്കരണം, ആരോഗ്യ ശീലങ്ങൾ, ഡിജിറ്റൽ അച്ചടക്കം, പൊതു മുതൽ സംരക്ഷണം എന്നിവയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

<u>വായനാദിനം</u> :: വായന കാർഡുകൾ വായിക്കുന്നു. ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു.

<u>പാട്ടരങ്ങ്::</u> ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് പാട്ടുകൾ ശേഖരിക്കുന്നു ക്ലാസ്സിൽ പാടി അവതരിപ്പിക്കുന്നു.

<u>കുഞ്ഞെഴുത്ത്</u> :: ചിത്രങ്ങൾ നോക്കി സ്വതന്ത്രമായി വാക്യങ്ങൾ രചിക്കുന്നു. വാക്യങ്ങൾ ചേർത്ത് കഥകൾ, കവിതകൾ എഴുതുന്നു.

<u>ചിത്രരചന</u>::

- കുടയുടെ ചിത്രം വരച്ച് നിറം നൽകുന്നു.
- കഥാ ഭാഗങ്ങളുമായി ബന്ധപ്പെട്ട ചിത്രം വരച്ച് നിറം നൽകുന്നു.
- ഗാന്ധിജിയുടെ ചിത്രം വരച്ച് നിറം നൽകുന്നു.
- ഉത്സവ കാഴ്ച, ഇഷ്ടപ്പെട്ട ആഹാരസാധനങ്ങൾ വരയ്ക്കുന്നു. നിറം നൽകുന്നു.
- വീടിന്റെ ചിത്രം വരച്ച് നിറം നൽകുന്നു.

<u>നിർമ്മാണ പ്രവർത്തനം</u>:: കുട നിർമ്മാണം, ദേശീയ പതാക നിർമ്മാണം, നിറം കൊടുക്കൽ, ചാച്ചാജി തൊപ്പി നിർമ്മാണം, പാഴ് വസ്തുക്കൾ ഉപയോഗിച്ച് ശുചീകരണ ഉപകരണങ്ങൾ നിർമ്മിക്കുന്നു.

<u>അഭിനയ കളരി</u>:: മഴയനുഭവങ്ങൾ പറഞ്ഞ് അഭിനയിക്കുന്നു. സ്വാതന്ത്ര്യസമര സേനാനികളായി അഭിനയിക്കുന്നു. ഉത്സവപ്പറമ്പിലെ രംഗങ്ങൾ അഭിനയിക്കുന്നു.

<u>ശേഖരണം</u>::
- മഴപ്പാട്ടുകൾ
- മഴ ചിത്രങ്ങൾ
- ചൊല്ലുകൾ
- മഴയുമായി ബന്ധപ്പെട്ട കടംകഥകൾ
- കൃഷിച്ചൊല്ലുകൾ
- കൃഷി പാട്ടുകൾ
- പാചകക്കുറിപ്പ്.



AnyScanner

**പതിപ്പ്::**

TT മഴപ്പതിപ്പ്   TT. ഇലപ്പതിപ്പ്.

**പ്രദർശനം::** വിവിധ ആഹാര വസ്തുക്കളുടെ പ്രദർശനം.

ചുമതല: ക്ലാസ്ടീച്ചർ

കാലയളവ്: ജൂൺ - ഒക്ടോബർ

## പരിസരപഠനം

സ്വന്തം ചുറ്റുപാടിൽ നിന്നും ഒരു കൊച്ചു കുട്ടി അറിഞ്ഞിരിക്കേണ്ട കുറച്ചു കാര്യങ്ങൾ, ഒപ്പം നിരീക്ഷണം, പരീക്ഷണം, വർഗീകരണം തുടങ്ങിയ പ്രക്രിയാശേഷികൾക്ക് ഊന്നൽ കൊടുത്തു കൊണ്ടുള്ളതാണ് രണ്ടാം തരത്തിലെ പരിസരപഠനം. ഭാഷയോടൊപ്പം ഉദ്ഗ്രഥന രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന പരിസരപഠന ആശയങ്ങൾ പ്രക്രിയ ബന്ധിതമായി അവതരിപ്പിച്ച് കുട്ടിയിൽ ശാസ്ത്ര മനോഭാവവും ശേഷികളും നേടിയെടുക്കാൻ ഉള്ള തയ്യാറെടുപ്പാണിവിടെ.

### പഠന ലക്ഷ്യങ്ങൾ

- ജലവുമായി ബന്ധപ്പെട്ട വ്യത്യസ്ത പരീക്ഷണങ്ങളിൽ ഏർപ്പെടുകയും നിരീക്ഷിച്ച കാര്യങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

- നിരീക്ഷണത്തിലൂടെയും അനുഭവത്തിലൂടെയും ചുറ്റുമുള്ള ജലസ്രോതസ്സുകൾ തിരിച്ചറിയുന്നു. രേഖപ്പെടുത്തുന്നു.

- ജലസ്രോതസ്സുകൾ മലിനമാകുന്ന വ്യത്യസ്ത സന്ദർഭങ്ങൾ തിരിച്ചറിയുകയും ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

- നേരനുഭവങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും കാർഷിക ഉപകരണങ്ങൾ തിരിച്ചറിയുന്നു അവയുടെ പ്രയോജനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

❧ ചുറ്റുപാടും നിരീക്ഷിച്ച അന്വേഷിച്ച ചിത്രങ്ങൾ വീഡിയോകൾ എന്നിവ നിരീക്ഷിച്ചും വിവിധ ജീവികളുടെ ആഹാരമായി വരുന്ന കാർഷികവിളകൾ പട്ടികപ്പെടുത്തുന്നു.

❧ സ്വാതന്ത്ര്യദിന കോശത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്ന അത്തരം ആഘോഷങ്ങളിൽ പങ്കചേരുന്നു.

❧ വായിച്ചും കേട്ടറിഞ്ഞും ഗാന്ധിജി നെഹ്റു തുടങ്ങിയ ദേശീയ നേതാക്കളുടെ പ്രാധാന്യം തിരിച്ചറിയുന്നു.

❧ ഗാന്ധിജിയുടെ ജീവിതത്തിലെ വ്യത്യസ്ത സംഭവങ്ങൾ വായിച്ച് അറിയുകയും അവ തന്റേതായ രീതിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

❧ ദേശീയ പതാക നിരീക്ഷിച്ച് പ്രത്യേകതകൾ തിരിച്ചറിയുന്നു. സവിശേഷതകൾക്ക് അനുസരിച്ച്

❧ ആഹാരം വർഗീകരിക്കുന്നു.
വായന സാമഗ്രികൾ വായിച്ചും അന്വേഷിച്ച ശാരീരിക വളർച്ചയ്ക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും വൈവിധ്യം ഉള്ള ആഹാരം അത്യാവശ്യമാണെന്ന് കണ്ടെത്തുന്നു.

❧ സ്വന്തം ആഹാര രീതി പട്ടികപ്പെടുത്തി വിലയിരുത്തുകയും ആഹാരരീതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു.

❧ ശരീരത്തിന് ദോഷകരമായ ആഹാരപദാർത്ഥങ്ങൾ അന്വേഷിക്കുകയും തിരിച്ചറിയുകയും അവ ആഹാരത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നു.

❧ കുറിപ്പ് വായിച്ച നിരീക്ഷിച്ചും രുചിച്ചും ആഹാരത്തിലെ വ്യത്യസ്ത ചേരുവകളെ തിരിച്ചറിയുന്ന ചേരുവകൾക്ക് അനുസരിച്ച് രുചി മാറും എന്ന് കണ്ടെത്തുന്നു.

❧ നിരീക്ഷിച്ചും അ ന്വേഷിച്ചറിഞ്ഞും ആഹാരസാധനങ്ങൾ അടച്ചുവയ്ക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

❧ നിരീക്ഷണത്തിലൂടെ വിവിധതരം വീടുകൾ ഉണ്ടെന്ന് തിരിച്ചറിയുന്നു.
നിരീക്ഷണങ്ങളിലൂടെയും വാനുഭവങ്ങളിലൂടെയും ഗ്രാമത്തിലെയും പട്ടണത്തിലെയും കാഴ്ചകൾ പട്ടികപ്പെടുത്തുന്നു. താരതമ്യം ചെയ്യുന്നു. നിരീക്ഷിച്ചും അന്വേഷിച്ചും വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ കണ്ടെത്തി എഴുതുന്നു.



AnyScanner

❦ നിരീക്ഷിച്ച ചിത്രങ്ങൾ വീഡിയോകൾ എന്നിവ കണ്ട് പൂക്കളുള്ള ചെടികളുടെ നാമസമാഹാരം ചിട്ടപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ

❦ ജല പരീക്ഷണങ്ങൾ.

❦ പലതരത്തിലുള്ള വീടുകൾ പരിചയപ്പെടുന്നു.

❦ വീട് നിർമ്മാണ ഘട്ടങ്ങൾ തിരിച്ചറിയുന്നു.

❦ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട പലതരം തൊഴിലുകൾ പരിചയപ്പെടുന്നു.

❦ കൃഷിയിടം സന്ദർശിച്ച് കൃഷിയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുന്നു.

❦ സ്വാതന്ത്ര്യസമരസേനാനികളെ പരിചയപ്പെടുന്നു.

❦ ഹരിത കർമ്മ സേന അംഗങ്ങളെ പരിചയപ്പെടുന്നു.

❦ അഭിമുഖം നടത്തുന്നു.

❦ ഫീൽഡ് ട്രിപ്പ്

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ്: ജൂൺ - ഒക്ടോബർ

## ഗണിതം

നിത്യജീവിതത്തിൽ മാറ്റി നിർത്താനാവാത്ത ഒന്നാണ് ഗണിതം. പാഠ്യവിഷയമെന്ന നിലയിൽ പ്രയാസകരമെന്ന് പറയാമെങ്കിലും ഒന്നാം ക്ലാസുകാരെ സംബന്ധിച്ച് ഏറ്റവും ലളിതമായ കാര്യങ്ങളാണ് ഗണിതത്തിലൂടെ പരിചയപ്പെടുന്നത്. സംഖ്യകളുമായി ചങ്ങാത്തം കൂടി ഗണിതക്രിയകൾ , പാറ്റേണുകൾ, ആകൃതികൾ ,

എന്നിങ്ങനെ കൊച്ചു കാര്യങ്ങൾ ഇഷ്ടത്തോടെ പഠിക്കാനുള്ള അവസരമാണ് രണ്ടാം ക്ലാസിലെ ഗണിതം.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | വിലയിരുത്തൽ | ചുമതല | സാമ്പത്തികം | കാലയളവ് |
|---|---|---|---|---|---|
| 🦋 ദ്വിമാന രൂപങ്ങളേയും ത്രിമാന രൂപങ്ങളേയും വസ്തുക്കളും ചിത്രങ്ങളുമായും ബന്ധിപ്പിച്ച് പരിചയപ്പെടുത്തുന്നു.<br><br>🦋 വ്യത്യസ്ത വരകൾ ചേർത്ത് പുതിയ ചിത്രങ്ങളും പാറ്റേണുകളും നിർമ്മിക്കുന്നു. | 🦋 ആകൃതി, വലുപ്പം എന്നിവയിൽ വ്യത്യസ്തത പുലർത്തുന്ന വിവിധ രൂപങ്ങൾ താരതമ്യം ചെയ്യുന്നു.<br>🦋 പരസ്പര ബന്ധങ്ങൾ കണ്ടെത്തത് ഊഹിക്കുന്നു.<br>🦋 ചിത്രരചന<br>🦋 നിറം നൽകൽ<br>🦋 രൂപങ്ങൾ നിർമ്മിക്കുന്നു. | 🦋 വ്യത്യസ്ത രൂപങ്ങൾ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്താൻ കഴിയുന്നു.<br><br>🦋 ചിത്രക്കാർഡുകൾ തരംതിരിക്കാൻ കഴിയുന്നു.<br><br>🦋 ചിത്രങ്ങൾ വരയ്ക്കാനും നിറം നൽകാനും കഴിയുന്നു.<br>🦋 ഓരോ രൂപങ്ങളും എണ്ണിയെഴുതുന്നു.<br>🦋 തുല്യമാകുന്നതിനു വേണ്ട എണ്ണം കണ്ടെത്തുന്നു.<br>🦋 ഒരേ രൂപങ്ങൾക്ക് നിശ്ചിത | ക്ലാസ്സ് ടീച്ചർ | | ജൂൺ |

| | | | | | |
|---|---|---|---|---|---|
| | | നിറം കൊടുക്കാൻ കഴിയുന്നു.<br>എത്ര കുത്തുകൾ ചേർത്തുവരച്ച രൂപങ്ങൾ ആണെന്ന് കണ്ടെത്തുന്നു.<br>രൂപങ്ങൾക്കകത്തെ കുത്തുകളുടെ എണ്ണം കണ്ടെത്തുന്നു.<br>പാറ്റേണിലെ അടുത്ത ചിത്രം വരയ്ക്കുന്നു.<br>കടലാസ് റിബൺ ഓല ഉപയോഗിച്ച് നിർമ്മാണം നടത്തുന്നു. | | | |
| നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും | നിശ്ചിത കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തുന്നു.<br>വലുത് ചെറുത് കണ്ടെത്തുന്ന<br>ഒരു | നിശ്ചിത എണ്ണം എണ്ണിയെടുക്കൽ, സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും | ക്ലാസ് ടീച്ചർ | | ജൂലൈ |

| | | | | | |
|---|---|---|---|---|---|
| എഴുതുകയും ചെയ്യുന്നു | കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം കണ്ടെത്തുന്നു. | എഴുതൽ, സംഖ്യകളെ വ്യാഖ്യാനിക്കൽ, സംഖ്യകളുടെ വലിപ്പം തിരിച്ചറിയൽ, വർക്ക്ഷീറ്റുകൾ | | | |
| 🦋 നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു. | 🦋 50 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ കൂട്ടങ്ങളാക്കുന്നു.<br>🦋 വർക്ക്ഷീറ്റുകൾ<br>🦋 ഗണിത കേളികൾ<br><br>200 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ കൂട്ടങ്ങളാക്കുന്നു.<br>🦋 സംഖ്യാ റിബൺ<br>🦋 സംഖ്യാ കാർഡുകൾ<br>🦋 ആരോഹണം, അവരോഹണം | 🦋 നിശ്ചിത എണ്ണം എണ്ണിയെടുക്കൽ<br>🦋 അക്കത്തിൽ എഴുതുന്നു.<br>🦋 കൂട്ടങ്ങൾ താരതമ്യം ചെയ്ത് വലുത് ചെറുത് കണ്ടെത്തുന്നു.<br>🦋 രണ്ടക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ കൂട്ടങ്ങൾ ആക്കാനുള്ള കഴിവ്.<br>🦋 മൂന്നക്ക സംഖ്യകളെ വലിപ്പക്രമത്തിൽ ക്രമീകരിക്കൽ<br>🦋 നൂറിന്റെ കൂടെ ഒരക്ക രണ്ടക്ക സംഖ്യകൾ | ക്ലാസ് ടീച്ചർ | | ജൂലൈ - ആഗസ്റ്റ് |

| | | | | | |
|---|---|---|---|---|---|
| | സംഖ്യാ പടി<br>അബാക്കസ്<br>സ്ഥാന വില പോക്കറ്റ് | ചേർത്ത് എഴുതൽ | | | |
| നോട്ടുകളും നാണയങ്ങളും പരിചയപ്പെടൽ, സംഖ്യ രൂപീകരിക്കൽ. | നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ<br>സംഖ്യാ വ്യഖ്യാനം<br>കളിനോട്ട് നിർമ്മാണം<br>പ്രശ്നനിർദ്ധാരണം | നോട്ടുകളും നാണയങ്ങളും തരംതിരിക്കുന്നു<br>സംഖ്യാ വ്യാഖ്യാനം | ക്ലാസ് ടീച്ചർ | | ആഗസ്റ്റ് - സെപ്റ്റംബർ |
| 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനകണക്കായി ചെയ്യുക | രണ്ടക്ക സംഖ്യകളുടെ നിർമാണം<br>സംഖ്യാ വ്യാഖ്യാനം<br>സംഖ്യാ മാല<br>പ്രശ്നനിർദ്ധാരണം<br>വർക്ക്ഷീറ്റുകൾ<br>ഡോമിനോസ് | രണ്ടക്ക സംഖ്യ രൂപീകരിക്കൽ<br>സംഖ്യകളെ കൂട്ടങ്ങളായും ഒന്നുകളായും പിരിച്ചെഴുതൽ<br>സങ്കലന ക്രിയാശേഷി<br>പ്രായോഗിക പ്രശ്നങ്ങൾ | ക്ലാസ് ടീച്ചർ | | സെപ്റ്റംബർ - ഒക്ടോബർ |

| | | | | | |
|---|---|---|---|---|---|
| | | വിശകലനം ചെയ്യൽ, അംഗ്രാഫി ങ്ങൾ,നിർ ധാരണം ചെയ്യൽ ❖ നിഗമ നം ഗ്രാഫികൾ ❖ സംഖ്യാ ബന്ധങ്ങൾ കണ്ടെത്ത ൽ, യുക്തി സമർപ്പിക്ക ൽ ❖ ക്രിയക ൾ മനക്കണ ക്കായി ചെയ്യൽ | | | |
| ❖ തുക 200 ൽ താഴെ വരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടു ന്നതുമായ പ്രായോഗി ക പ്രശ്നങ്ങൾ പരിഹരിക്ക ന്നതിന് സങ്കലനക്രി യ ഉപയോഗി ക്കുന്ന പ്രവർത്ത നങ്ങൾ. | ❖ രണ്ടക്ക സംഖ്യകളു ടെ നിർമാണം ❖ സംഖ്യാ വ്യാഖ്യാനം ❖ സംഖ്യാ മാല ❖ പ്രശ്നനിർ മാണം ❖ വർ ക്ക്ഷീറ്റുകൾ ❖ ഡോമി നോസ് | ❖ രണ്ടക്ക സംഖ്യ ഗ്രാഫികൾ ❖ സംഖ്യക ളെ കൂട്ടങ്ങളായും ഒന്നുകളാ യും പിരിച്ചെഴുത ൽ ❖ സങ്കലന ക്രിയാരീ തി ❖ പ്രായോ ഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യൽ, അംഗ്രാഫി | ക്ലാസ് ടീച്ചർ | | ഒക്ടോബർ - നവംബർ |

| | | | | | |
|---|---|---|---|---|---|
| | | ക്കൽ, നിർധാരണം ചെയ്യൽ<br>നിഗമനം രൂപീകരിക്കൽ<br>സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ, യുക്തി സമർപ്പിക്കൽ<br>ക്രിയകൾ മനക്കണക്കായി ചെയ്യൽ | | | |

## ENGLISH

### Objectives

- Create an English environment in the classroom.
- Develop and enrich vocabulary.
- Read and enjoy stories and rhymes.
- Follow simple instructions in English.
- Able them to write simple sentences.
- Read and comprehend simple stories.
- Ability to write different discourses.



AnyScanner

- Use appropriate language to write different discourses.
- Use different language elements in suitable situations.

**Pre test**

A way to gauge student knowledge ( class 1 ) prepare students for future content and in the end measure student growth

**Funtura::games**

- Games are an easy way to acquire language. Simple and comprehensive inputs help the child to acquire the language easily.

**Listen and do**

- Crafts and drawings as per the instruction.
- A rhyme in a week
- Let's sing
- Read and learn a new poem
- Read and rejoice

**Story time**

- Present a story by a student.
- Word tree
- Make a tree with new words.

AnyScanner

- My English world
- English notebook with pictures

**Our creations**

- English magazine
- Spoken English class
- Communicative English

**Hello English activities**

- Stories and games facilitate communicative English.

**Discourses**

- Conversation
- Riddles
- Add more lines
- Description
- Thoughts



AnyScanner

# STANDARD – III

## ആമുഖം

കുട്ടികളുടെ വികസനമാണ് പഠനത്തിന്റെ ആത്യന്തിക ലക്ഷ്യം. കുട്ടികളുടെ ശാരീരികവും മാനവും വൈജ്ഞാനികവുമായ തലങ്ങളിൽ വികാസം കൈവരിക്കുന്നതിന് ആവശ്യമായ വിവിധ പഠന പദ്ധതികളാണ് മാർച്ച് വരെയുള്ള കാലയളവിൽ നടത്തുന്നതിനായി ആസൂത്രണം ചെയ്യുന്നത്

## ലക്ഷ്യങ്ങൾ

* കഥകൾ കേട്ട് ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ സന്തോഷിക്കുക

* ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് ആർജിക്കുക

* അപരിചിത പദങ്ങൾ പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും നിഘണ്ടു നോക്കിയും കണ്ടെത്തുക

* സാഹിത്യ ചിനകൾ വായിച്ചു കേട്ടു സ്വയം വായിച്ചു ആശയം ഗ്രഹിച്ച് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ രസകരമായി അവതരിപ്പിക്കുക

* നാടൻപാട്ട് ചൊല്ലി കേട്ടും സ്വയം ചൊല്ലിയും താളം പിടിച്ചു ആശയം ഗ്രഹിച്ചും ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക

* സമാനമായ താളത്തിൽ വായ്ത്താരികൾ ഉണ്ടാക്കി താളം പിടിച്ച് രസകരമായി ചൊല്ലുക

* വാമൊഴി വഴക്കങ്ങൾ ഭാഷയ്ക്ക് നൽകുന്ന ശക്തിയും സൗന്ദര്യവും തിരിച്ചറിയുക സ്വന്തം രചനകളിൽ ഉചിതമായി പ്രയോഗിച്ച് ഭാഷ സ്വയം മെച്ചപ്പെടുത്തുന്നതിൽ ആനന്ദിക്കുക

* അനുയോജ്യമായ ഭാവം ഒഴുക്ക് ഉച്ചാരണശുദ്ധി അർത്ഥവത്തയ്ക്കുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി വായിച്ച് അവതരിപ്പിക്കു

* സ്കൂൾ ലൈബ്രറിയിൽ നിന്ന് അഭിരുചിക്ക് അനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുക അതിലെ ആശയം തനിക്ക് ഇഷ്ടമുള്ള രീതിയിൽ ആവിഷ്കരിക്കുക



SCAN AnyScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികൾക്ക് പരിചിതമായ അക്ഷരങ്ങൾ ഉപയോഗിച്ച് കവിത നിർമിക്കൽ വ്യക്തിഗതമായി ചൊല്ലി അവതരിപ്പിക്കാനും താളം മനസ്സിലാക്കാനും കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുക | * പ്രീ ടെസ്റ്റ് നടത്തുന്നു<br>* കുട്ടികൾ വ്യക്തിഗതമായി കവിത ചൊല്ലി അവതരിപ്പിക്കുന്നു<br>* കവിതയുടെ താളം മനസ്സിലാക്കുന്നു<br>* കവിത ഭാഗത്തിന്റെ വ്യത്യസ്ത അർത്ഥങ്ങൾ കണ്ടെത്തുന്നു<br>* നാടൻ പാട്ടുകൾ ശേഖരണം വായ്ത്താരികൾ ഉള്ളത്<br>* പഴഞ്ചൊല്ലുകൾ ശേഖരണം<br>* കഥോത്സവം നാടൻകഥകളുടെ അവതരണ ശിൽപ്പശാല<br>* കലയിലെ കോമൺ കലാകാരനെ പരിചയപ്പെടാം അഭിമുഖ സംഭാഷണം<br>* കലാരൂപങ്ങൾ വേഷവിധാനം ചിത്രശേഖരണം ആൽബം<br>* പാവ നാടകത്തെ അടുത്തറിയാം ശില്പശാല<br>* കവിതയിൽ നിന്നും ചോദ്യങ്ങൾ കണ്ടെത്തുന്നു<br>* കവിതയെ ആസ്വാദിച്ച് മനസ്സിൽ രൂപപ്പെടുത്തി ചിത്രം വരയ്ക്കുന്നു. നിറം നൽകുന്നു | ജൂൺ - ജൂലൈ |
| ശൈലികൾ നാടൻപ്രയോഗങ്ങൾ തുടങ്ങിയവ ഭാഷയ്ക്ക് നൽകുന്ന സൗന്ദര്യവും ശക്തിയും തിരിച്ചറിയുക | * കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ | ഓഗസ്റ്റ് - സെപ്റ്റംബർ |



AnyScanner

| | | |
|---|---|---|
| അവയെ ഉചിതമായും രസകരമായും പ്രയോഗിക്കുക | * ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ<br>* നാടക ശില്പശാല<br>* റോൾ പ്ലേ അവതരണങ്ങൾ<br>* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം<br>* പലഹാരങ്ങളെ പാചകക്കുറിപ്പ് തയ്യാറാക്കൽ<br>* കത്തുകൾ മാതൃകകൾ<br>* ഹരിത കർമ്മസേന അംഗങ്ങളുമായി അഭിമുഖം<br>* ന്യൂസ് പത്രം<br>* വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ<br>* ക്ലാസ്സ് പി.ടി.എ ഒന്നാം മികവുത്സവം<br>* നാടൻ പാട്ടുകളുടെ അവതരണം<br>* നാടോടിക്കഥകളുടെ അവതരണം<br>* പാവനാടക അവതരണം | |
| ശരിയായ പഠനാനുഭവങ്ങൾ നൽകൽ | ഫീൽഡ് ട്രിപ്പ് വീഡിയോ പ്രദർശനം | ജൂൺ മൂന്നാം വാരം പാഠഭാഗങ്ങൾ |
| കാർഷിക സാംസ്കാരിക മൂല്യങ്ങൾ കവിതയിലൂടെയും കഥയിലൂടെയും വളർത്തൽ | * കൃഷിയിടം സന്ദർശനം<br>* കുട്ടികളുടെ ചിന്തയെ തൊഴിലിലേക്ക് നയിക്കുന്ന കവിത കുഞ്ഞനുറുമ്പും കൂട്ട്യോളും പാട്ട് താളത്തിൽ പാടുന്നു<br>* വ്യക്തിഗത വായന നടത്തുന്നു, താളം പാലിച്ചു കൊണ്ട് ടീച്ചറുടെ അവതരണം<br>* അക്ഷരങ്ങൾ ആവർത്തിക്കുന്നത് | ഒക്ടോബർ - നവംബർ |

| | | |
|---|---|---|
| | കൊണ്ട് ഭംഗിയേറിന്ന വരികൾ കണ്ടെത്തുന്നു<br>* വരികൾ കൂട്ടിച്ചേർക്കാം<br>* കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം<br>* കുട്ടിക്കളികൾ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം പതിപ്പ്<br>* നാടൻപാട്ട് ശില്പശാല | |
| സ്വതന്ത്രമായ സർഗാത്മക രചനകൾ തയ്യാറാക്കുന്നു | സർഗാത്മക ഡയറി | ഓരോ പാഠഭാഗത്തിലും |
| വായനാശീലം വളർത്താനും വായന മെച്ചപ്പെടുത്തുന്നതിനുള്ള അവസരം | പ്രകൃതി നടത്തം സവാരി യാത്രാനുഭവം കുറിപ്പ് ഭാവാത്മകവായന ഫോട്ടോ ടൂർ റോൾപ്ലേ | ഡിസംബർ - ജനുവരി |
| പ്രാദേശിക ഭാഷ ഭേദങ്ങളും ശൈലികളും ഭാഷയുടെ കരുത്ത് കാന്തിയുമാണെന്ന് തിരിച്ചറിവ് | പ്രാദേശിക കവിതകൾ ചൊല്ലൽ ശേഖരണം പദപരിചയം | ഫെബ്രുവരി |
| ജനാധിപത്യത്തിന്റെയും സാമൂഹിക നീതിയുടെയും അടിസ്ഥാന മൂല്യങ്ങൾ ഉള്ളടങ്ങിയ കഥ കവിത എന്നിവ കേട്ടും വായിച്ചും രസിക്കൽ | റോൾപ്ലേ കവിത ചൊല്ലൽ അനുഭവക്കുറിപ്പ് പാവനാടകം | ഫെബ്രുവരി - മാർച്ച് |
| കഥ ശാസ്ത്രകഥ കവിത എന്നിവ വായിച്ച് സൗന്ദര്യാംശങ്ങൾ തിരിച്ചറിയുന്നു സ്വതന്ത്രമായ രചനങ്ങളുടെ ആവിഷ്കാരിക്കൽ | ശാസ്ത്ര കഥ ശാസ്ത്ര പരീക്ഷണം അനുഭവക്കുറിപ്പ് | മാർച്ച് |

# പരിസര പഠനം

പ്രകൃതിയുടെ കേന്ദ്രം മനുഷ്യനാണെന്ന് അശാസ്ത്രീയ കാഴ്ചപ്പാടിൽ നിന്ന് എല്ലാ ജീവജാലങ്ങളെയും പോലെയുള്ള ഒരു അംഗം മാത്രമാണ് എന്ന് തിരിച്ചറിവിലേക്ക് ഭാവി സമൂഹവും വളരേണ്ടതുണ്ട്. കുഞ്ഞുമനസ്സുകളിൽ പ്രകൃതിയുമായി ബന്ധപ്പെട്ട നേരനുഭവവും ഈശ്വരവും വഴി അത്ഭുതം ജനിപ്പിക്കുക. സ്ഥിതി വിദ്യാഭ്യാസത്തിനുള്ള മുഖ്യ ഉപാധി പാഠപുസ്തകങ്ങൾ പ്രകൃതി തന്നെയാവണം. ചെറു ക്ലാസുകളിൽ ഇന്ദ്രിയ അനുഭവങ്ങൾക്ക് പ്രാധാന്യം നൽകണം.

**പഠന ലക്ഷ്യങ്ങൾ :-**

- ചുറ്റുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് തണ്ടിന്റെ കാഠിന്യം, വലിപ്പം, ആയുസ്സ്, ചുറ്റുപാട് എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നത് എങ്ങനെ എന്ന് തിരിച്ചറിയുക..
- പുതിയ ചെടികൾ ഉണ്ടാകുന്നതും വളരുന്നതും എങ്ങനെയാണെന്ന് നിരീക്ഷണ പരീക്ഷണങ്ങളിലൂടെ തിരിച്ചറിയുക.
- സസ്യഭാഗങ്ങളായ ഭാഗങ്ങളായ വേര്, തണ്ട് എന്നിവയുടെ ധർമ്മങ്ങൾ നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ കണ്ടെത്തുക.
- നിരീക്ഷണം ചർച്ച എന്നിവയിലൂടെ ഇലകളുടെയും പൂക്കളുടെയും സവിശേഷതകളും വൈവിധ്യങ്ങളും തിരിച്ചറിഞ്ഞ് സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിച്ച് വളർത്തു ജീവികൾ എന്നും അല്ലാത്തവ എന്നും തരംതിരിക്കുകയും വളർത്തു ജീവികളെ കൊണ്ടുള്ള വിവിധ പ്രയോജനങ്ങൾ തിരിച്ചറിയുക.
- ജീവികളുടെ സഞ്ചാരരീതി നിരീക്ഷിച്ച് സവിശേഷതകൾ കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുക.
- ജീവികളുടെ ശാരീരിക സവിശേഷതകളും സഞ്ചാര രീതിയും തമ്മിലുള്ള ബന്ധം കണ്ടെത്തുക.
- ആഹാര രീതി അനുസരിച്ച് തരംതിരിക്കുക, താരതമ്യം ചെയ്യുക, നിഗമനങ്ങൾ രൂപീകരിക്കുക.
- ജീവികളുടെ വിദ്യവും പ്രാധാന്യവും തിരിച്ചറിഞ്ഞ് ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- മഴക്കുശേഷം ഉണ്ടാകുന്ന മാറ്റങ്ങൾ ചർച്ചയിലൂടെ കണ്ടെത്തുക.

AnyScanner

- മഴമാപിനി നിർമ്മിച്ച് മഴ അളന്ന് രേഖപ്പെടുത്തുവാൻ ഉള്ള നൈപുണ്യ ആർജ്ജിക്കുക.
- പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനങ്ങൾ രൂപീകരിക്കുന്നു.
- ജലശുദ്ധീകരണത്തിനുള്ള വിവിധ മാർഗങ്ങൾ തിരിച്ചറിയുകയും ജലശുദ്ധീകരണത്തിൽ ഏർപ്പെടുകയും ചെയ്യുന്നു.
- മണ്ണ് ഉപയോഗിച്ചുള്ള വിവിധ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- നിരീക്ഷണത്തിലൂടെയും അവസ്ഥ വിശകലനത്തിലൂടെയും വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ശീലങ്ങൾ ആർജിക്കുക.
- നാടകീകരണം, ചർച്ച, അന്വേഷണം എന്നിവയിലൂടെ പരിസരം ശുചിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് ശുചിത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- മാലിന്യത്തെ തരംതിരിക്കുന്ന രീതി തിരിച്ചറിഞ്ഞ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

**<u>മുന്നൊരുക്കങ്ങൾ.</u>**

* ഒരുക്കേണ്ട ഇടങ്ങൾ ജൈവവൈവിധ്യ ഉദ്യാനം.
* ഗ്ലാസ്,മണൽ,പയർ, വെള്ളം.
* കരുതേണ്ട നടീൽ വസ്തുക്കൾ.
* കാണ്ഡം -ചെത്തി, റോസ്,മുല്ല, നിശാഗന്ധി.
* വിത്ത് -മത്തൻ, പയർ ഇല -ഇലമുളച്ചി.
* വേര് -കടപ്ലാവ്, കറിവേപ്പില.
* മഷിതണ്ട് ചെടി,ജലം, ബ്ലേഡ്, ഹാൻഡ് ലെൻസ്
* ജീവികളുടെ ചിത്രങ്ങൾ, വീഡിയോകൾ, ചാർട്ടുകൾ
* ഒറിഗാമി കടലാസ്സുകൾ, ക്രയോൺ,സ്കെച്ച്, ചില്ല്,കുപ്പി,ഫണൽ, സ്കെയിൽ, റബ്ബർ ബാൻഡ്, പശ.
* വാർത്താ കട്ടിംഗ്, ചില്ല് ഗ്ലാസ്,ചിരട്ടകൾ,ചരൽ, മണൽ.
* മാലിന്യ കുടകൾ, കമ്പോസ്റ്റ് കുഴി.
* ബയോബിൻ.
*



AnyScanner

## ജൂൺ - ജൂലൈ

- ജൈവ ഉദ്യാനത്തിൽ ഒരു കളി മാമരം തൊട്ടുവാ പൈങ്കിളിയെ... കളിക്കുന്നു.
- തൊട്ട മരങ്ങളുടെ പേരുകൾ ചാർട്ടിൽ എഴുതുന്നു. മരം,പൂവ് എന്നിവ തൊട്ട് കളി തുടരുന്നു.
- വിവിധ സസ്യങ്ങളുടെ പേരുകൾ എഴുതുക.
- ഞാനാര് കളി -ടീച്ചർ വിചാരിക്കുന്ന സസ്യം ഏതെന്ന് കുട്ടികൾ പറയുന്നു.
- ചെടിയുടെ ചിത്രം വരയ്ക്കുന്നു. ടീച്ചർ വരച്ച ചിത്രവും താരതമ്യം ചെയ്യുന്നു.
- നിരീക്ഷണക്കുറിപ്പ് തയ്യാറാക്കാം.
- സസ്യങ്ങളെ അവയുടെ പ്രത്യേകതകൾ അനുസരിച്ച് തരംതിരിക്കുന്നു.
- വ്യത്യസ്ത നടീൽ വസ്തുക്കൾ കണ്ടെത്തുന്നു.
- പരീക്ഷണം -വിത്ത് നാട്ട് മുളയ്ക്കുന്ന വിവിധ ഘട്ടങ്ങൾ.
